Kerala State Council for
Science, Technology and Environment
Sasthra Bhavan, Pattom P.O. Thiruvananthapuram - 695 004, Kerala State, India
Tel: 0471-2548200-09, EVP - 2543557, 2548222,
MS - 2534605, 2548220, CoA - 2543556, 2548248
Fax: 0471-2540085, 2534605 e-mail: mail.kscste@kerala.gov.in, www.kscste.kerala.gov.in

നം.KSCSTE/379/2020-C1 തീയതി :19/03/2020

## സർക്കുലർ

വിഷയം : കേ.ശാ.സാ.പ.കൗൺസിൽ - കോവിഡ് - 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ പാലിക്കേണ്ട മുൻകരുതലുകൾ - സംബന്ധിച്ച്

സൂചന : 18.03.2020 ലെ എസ്.എസ്.1/50/2020/പൊ.ഭ.വ. നമ്പർ സർക്കാർ പരിപത്രം

കോവിഡ് - 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ പാലിക്കേണ്ട മുൻകരുതൽ സംബന്ധിച്ച് സൂചനപ്രകാരമുള്ള സർക്കാർ പരിപത്രത്തിലെ നിബന്ധനകൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും ബാധകമാക്കിയിരിക്കുന്നു.

H. GILBERT WESLEY

CONTROLLER OF ADMINISTRATION

എല്ലാ ഗവേഷണ സ്ഥാപനങ്ങൾക്കും
കൗൺസിൽ നോട്ടീസ് ബോർഡ്
കൗൺസിൽ വെബ് സൈറ്റ്
റിസപ്ഷൻ/സെക്യൂരിറ്റി
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Re 19/3/20

കേരള സർക്കാർ
പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്.1/50/2020/പൊ.ഭ.വ. തിരുവനന്തപുരം,തീയതി: 18.03.2020

## പരിപത്രം

വിഷയം :- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് - കോവിഡ്-19 – പ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ ആഫീസുകളിൽ പാലിക്കേണ്ട മുൻകരുതൽ നടപടികൾ - സംബന്ധിച്ച്

സൂചന :- കേന്ദ്ര സർക്കാരിന്റെ 17.03.2020 ലെ F.No.11013/9/2014-Estt.A.III നമ്പർ ഓഫീസ് മെമ്മോറാണ്ടം

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെ തുടർന്ന് നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് രോഗവ്യാപനം തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും സംസ്ഥാനത്തെ സർക്കാർ ആഫീസുകളിൽ കൃത്യമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. എല്ലാ ഓഫിസുകളിലും സന്ദർശകരെ നിയന്ത്രിക്കേണ്ടതാണ്. ഔദ്യോഗിക കാര്യങ്ങൾക്ക് അത്യാവശ്യമുള്ള സന്ദർശകരെ ബന്ധപ്പെട്ട ഓഫിസർമാരുടെ നിർദേശാനുസരണം മാത്രം കയറ്റിവിടുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. സന്ദർശകർക്കുള്ള പ്രവേശനം ഒരു ഗേറ്റ് വഴി മാത്രമായി പരിമിതപ്പെടുത്തണം.
2. കഴിയുന്നതും ഇൻഫ്രാറെഡ് തെർമൽ സ്കാനർ വഴി പരിശോധിച്ച് മാത്രം ജീവനക്കാരെയും സന്ദർശകരെയും പ്രവേശനം അനുവദിച്ചാൽ മതിയാകും. തെർമൽ സ്കാനർ ഉപയോഗിക്കാൻ അതത് ഓഫീസിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകാം. തെർമൽ സ്കാനർ വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും സർവീസ് സംഘടനകളുടെ സഹായം നേടാൻ വകുപ്പ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.
3. അത്യാവശ്യമില്ലാത്ത ഔദ്യോഗിക യാത്രകൾ ഒഴിവാക്കേണ്ടതാണ്. അടിയന്തിരമല്ലാത്ത എല്ലാ മീറ്റിങ്ങുകളും ഒഴിവാക്കേണ്ടതാണ്. അടിയന്തിര പ്രാധാന്യമുള്ള മീറ്റിങ്ങുകൾ കഴിയുന്നതും വിഡിയോ കോൺഫെറൻസിങ് വഴി മാത്രം നടത്തുക.
4. ജീവനക്കാർ കൂടിചേരുന്ന പരിപാടികൾ നിർബന്ധമായി ഒഴിവാക്കാൻ നിർദേശം നൽകേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജിം /റീക്രീയെഷൻ ക്ലബ്ബ്കൾ / ക്രെഷുകൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിർത്തിവയ്ക്കേണ്ടതാണ്.
5. ജീവനക്കാരും പൊതുജനങ്ങളും പതിവായി സ്പർശിക്കാൻ സാധ്യതയുള്ള ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്.
6. ഫിസിക്കൽ ഫയലുകൾ ഒഴിവാക്കി ഇ-ഫയലുകളായി മാത്രം ഔദ്യോഗിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ്.
7. വാഷ് റൂമുകളിൽ സ്ഥിരമായി സോപ്പ് / വെള്ളം / സാനിറ്റൈസർ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്താൻ പ്രത്യേകമായി ഒരു ഓഫിസറെ ചുമതലപ്പെടുത്തേണ്ടതാണ്.
8. എല്ലാ ജീവനക്കാരും തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനുള്ള നടപടികൾ സ്വയം

സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും രീതിയിലുള്ള അസ്വാസ്ഥ്യം അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടനടി മേലുദ്യോഗസ്ഥനെയോ കൂടെ ജോലി ചെയ്യുന്നവരെയോ വിവരം ധരിപ്പിച്ച് സ്വയം ക്വാറന്റീനിൽ പോകേണ്ടതാണ്. ലീവ് അനുവദിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരത്തിൽ അവധി അപേക്ഷ വന്നാൽ ഉടൻ തന്നെ അനുവദിച്ച് നൽകാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

9. പ്രായമേറിയ ജീവനക്കാർ, ഗർഭിണികൾ, മറ്റ് അസുഖമുള്ളവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുകയും അവരെ പൊതുജനങ്ങളുമായി നേരിട്ട് ഇടപെടേണ്ട ജോലികളിൽ നിന്നും ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

10. സർക്കാർ സ്ഥാപനങ്ങളിൽ ലിഫ്റ്റുകൾ ഉപയോഗിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്. ശാരീരിക വൈകല്യമുള്ളവർ, പടികൾ കയറുന്നതിന് മറ്റ് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ, എന്നിവർ ഒഴികെ എല്ലാ ജീവനക്കാരും ലിഫ്റ്റ് ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

സർക്കാർ ജീവനക്കാർ ഇത് സംബന്ധിച്ച് ചെയ്യേണ്ടതും ചെയ്യേണ്ടാത്തതുമായ കാര്യങ്ങളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടമാണ്. Covid-19 വ്യാപനം തടയുവാൻ എല്ലാ ജീവനക്കാരും സർക്കാർ നിർദേശങ്ങൾ അനുസരിച്ചും സർക്കാരിന്റെ "ബ്രേക്ക് ദ ചെയിൻ" ക്യാമ്പയിനിങ്ങിന്റെ ഭാഗമായും പൊതുജനങ്ങൾക്ക് മാതൃകാ പരമായ പ്രവർത്തങ്ങളിൽ ഏർപ്പെടേണ്ടതാണ്. ഏതെങ്കിലും ജീവനക്കാർ കോവിഡ് 19 വൈറസ് ബാധ സംബന്ധിച്ച അസത്യങ്ങളും അശാസ്ത്രീയതകളും പ്രചരിപ്പിക്കുകയോ കുപ്രചാരണങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്ക നടപടികൾക്ക് വിധേയനാകേണ്ടി വരുമെന്ന കാര്യം കൂടി അറിയിക്കുന്നു.

**കെ.ആർ. ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ വകുപ്പ് തലവന്മാർക്കും, ഓഫീസുകൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വീപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കർമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും / അർദ്ധ സർക്കാർ ആഫീസുകൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

## ചെയ്യേണ്ടവ

- വ്യക്തിപരമായ ശുചിത്വവും ശാരീരിക അകലവും പാലിക്കേണ്ടതാണ്
- ദൃശ്യപരമായി വൃത്തിയാണെങ്കിൽ പോലും സോപ്പും വെള്ളവും ഉപയോഗിച്ച് അല്ലെങ്കിൽ ആൽക്കഹോൾ അടങ്ങിയ ഹാൻഡ് റബ് ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ കൈ കഴുകുന്നത് ശീലമാക്കുക.
- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാല അല്ലെങ്കിൽ ടിഷ്യൂ ഉപയോഗിച്ച് മൂക്കും വായും മറയ്ക്കുക.
- ഉപയോഗിച്ച ടിഷ്യൂകൾ/ മാസ്കുകൾ തുടങ്ങിയവ അടപ്പുള്ള ചവറ്റുകുട്ടയിൽ സുരക്ഷിതമായി ഉപേക്ഷിക്കുക.
- പനിയോ മറ്റ് രോഗ ലക്ഷണങ്ങൾ ഉള്ളവരിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കുക.
- തുവാല അല്ലെങ്കിൽ ടിഷ്യൂ ലഭ്യമല്ലാത്ത വേളകളിൽ തുമ്മുമ്പോൾ ഉള്ളം കൈ ഉപയോഗിക്കാതെ കൈമുട്ടിന്റെ അകഭാഗം ഉപയോഗിക്കുക.
- ശ്വാസ സംബന്ധമായ അസുഖങ്ങളുണ്ടോ എന്നും ശരീര ഊഷ്മാവ് കൂടുന്നുണ്ടോയെന്നും ശരിയായ ഇടവേളകളിൽ പരിശോധിക്കുകയും പനിയോ, ശ്വാസ തടസ്സമോ, ചുമയോ അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടനടി ഡോക്ടറുടെ സേവനം തേടേണ്ടതുമാണ്. ഡോക്ടറുടെ അടുത്തേക്ക് പോകുമ്പോൾ വായും മൂക്കും തുണിയോ മാസ്കോ കൊണ്ട് മൂടേണ്ടതാണ്.
- പനി, ഫ്ലൂ തുടങ്ങിയ രോഗ ലക്ഷണങ്ങൾ അനുഭവപ്പെട്ടാൽ ഉടനടി സംസ്ഥാന സർക്കാരിന്റെ 24x7 ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പറായ 1056 ലോ 0471-2552056 ലോ അതുമല്ലെങ്കിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഹെൽപ് ലൈൻ നമ്പറായ 011-23978046 ലോ ബന്ധപ്പെടേണ്ടതാണ്.

## ചെയ്യരുതാത്തത്

- ഹസ്തദാനം
- ചുമയോ പനിയോ അനുഭവപ്പെടുമ്പോൾ ആളുകളുമായി അടുത്തിടപഴകുന്നത്.
- കണ്ണ്, മൂക്ക്, വായ എന്നിവടങ്ങളിൽ തൊടുന്നത്.
- ഉള്ളം കൈയിലേക്ക് തുമ്മുകയും ചുമയ്ക്കുകയും ചെയ്യുന്നത്.
- പൊതുസ്ഥലങ്ങളിൽ തുപ്പുന്നത്.
- അനാവശ്യ യാത്രകൾ, പ്രത്യേകിച്ച് വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളിൽ.
- കൂട്ടമായി ക്യാന്റീനുകളിൽ ഇരിക്കുന്നത് ഉൾപ്പടെയുള്ള വലിയ കൂടിചേരലുകളിൽ പങ്കെടുക്കുന്നത്.
- ജിമ്മുകൾ, ക്ലബ്ബുകൾ മറ്റ് തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സന്ദർശിക്കുന്നത്.
- കുപ്രചരണങ്ങളും പരിഭ്രാന്തിയും പരത്തുന്നത്